LIBRARY ARCHIVES Kerala Legislative Assembly

മിൽക്ക് ഫെസിലിറ്റേഷൻ സെന്റർ

97 (4448) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ മിൽക്ക് ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഇവിടെ എത്ര ജീവനക്കാരുണ്ടെന്നും എത്ര തസ്തിക ഒഴിഞ്ഞു കിടക്കുന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) ഒഴിവുള്ള തസ്തികകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇവിടത്തെ ആവശ്യത്തിന് പശുക്കളെ നൽകുന്ന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വനിതകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയേറിയ ക്ഷീരോൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിന് വനിതാ ഗ്രൂപ്പുകൾക്ക് കോമൺ ഫെസിലിറ്റി സെന്റർ ലഭ്യമാക്കുക എന്നതാണ് അരൂർ മിൽക്ക് ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(ബി & സി) ഒരു ക്ഷീര വികസന ആഫീസറെ വകുപ്പിൽനിന്നും തസ്തിക ഷിഫ്റ്റ് ചെയ്തുകൊണ്ട് പ്രോജക്ട് ഓഫീസർ ആയി നിയോഗിച്ചിട്ടുണ്ട്. പ്രത്യേകമായി തസ്തികകൾ ഒന്നും ഇതുവരെ സൃഷ്ടിച്ചിട്ടില്ല.

(ഡി) വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കളെ നൽകുന്ന കാര്യം പരിഗണനയിലാണ്.

നിരോധിച്ച പാൽ ബ്രാൻഡുകൾ

98 (4449) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടകരമായ രാസവസ്തുക്കൾ കലർത്തിയതിന്റെ പേരിലും ഗുണനിലവാരം ഇല്ലാത്തതിന്റെ പേരിലും ഏതെങ്കിലും ബ്രാൻഡുകളിലുള്ള പാലുകൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ ഓണക്കാലത്ത് സർക്കാർ നിരോധിച്ച പാലുകൾ ഏതെല്ലാമായിരുന്നു എന്നു വ്യക്തമാക്കുമോ ;

(സി) ഈ പാലുകൾ ഇറക്കിയിരുന്ന അതേ പ്ലാന്റുകളിൽ നിന്നും മറ്റ് പേരുകളിൽ ഇറക്കുന്ന പാലുകൾ എറണാകുളം, ആലപ്പുഴ ജില്ലകളുടെ വിവിധ മേഖലകളിൽ വില്ക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സർക്കാർ നിരോധിച്ച പെന്റ, പൂജ, പാലിക, ആരോഗ്യ എന്നീ പാലുകൾ റീമ, പൂജ, സൂപ്പർ എന്നീ പേരുകളിൽ ആലുവ, വെണ്ണല എന്നിവിടങ്ങളിലെ പ്ലാന്റുകളിൽ നിന്നും ഇറങ്ങുന്നുണ്ടോ ; ഇതു പരിശോധിച്ച് നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2006-07-ൽ ശ്രീബാലാജി, 2007-08-ൽ ടേസ്റ്റ്മീ, പാൽമ, 2008-09-ൽ ഗ്രാമീൺ പാൽ എന്നീ ബ്രാൻഡുകൾക്ക് രാസവസ്തുക്കൾ കലർത്തിയതിന്റെ പേരിൽ സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പാലിക, പെന്റഫ്രഷ്, ആരോഗ്യ എന്നീ പേരിലുള്ള പാലുകളിൽ ഫോർമാലിൻ, ന്യൂട്രൈലൈസർ എന്നിവയും പൂജാ മിൽക്കിൽ ന്യൂട്രൈലൈസറും കണ്ടെത്തിയിരുന്നതായും തുടർന്ന് അവയുടെ വിതരണം നിരോധിക്കുകയും വിൽപ്പന തടയുകയും ചെയ്തിരുന്നതായും ആരോഗ്യ കുടുംബക്ഷേമവകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) ക്ഷീരവികസന വകുപ്പ് കഴിഞ്ഞ ഓണക്കാലത്ത് ഒരു ബ്രാൻഡുകൾക്കും നിരോധനം ഏർപ്പെടുത്തിയിട്ടില്ല. ആരോഗ്യ വകുപ്പും, പെന്റ, പൂജ, പാലിക, ആരോഗ്യ എന്നീ ബ്രാൻഡുകൾക്ക് താത്കാലിക നിരോധനം ഏർപ്പെടുത്തിയിരുന്നു.

(സി & ഡി) പെന്റ എന്ന ബ്രാൻഡ് ഇറക്കിയിരുന്ന കമ്പനിയുടെ അതേ മേൽവിലാസത്തിൽ Rhema Dairy India Pvt. Limited എന്ന കമ്പനി Rhema എന്ന ബ്രാൻഡ് നെയിമിൽ പാൽ വിപണനം നടത്തുന്നുണ്ട്. പാലിക എന്ന ബ്രാൻഡ് പേരിൽ പാൽ വിപണനം ചെയ്തിരുന്ന പാലിക ഫുഡ് പ്രോഡക്ട്സ്, വരിക്കോലി, എറണാകുളം എന്ന കമ്പനി സൂപ്പർ എന്ന പേരിൽ പുതിയ പാൽ വിപണനം ചെയ്യുന്നുണ്ട്. പൂജയും ആരോഗ്യയും അതേ പേരിൽ പാൽ ഇപ്പോഴും വിപണനം നടത്തുന്നുണ്ട്. ക്ഷീരവികസന വകുപ്പിന്റെ പരിശോധനയിൽ ഗുണനിലവാരം ഇല്ലാത്തതായോ മായം കലർന്നതായോ കണ്ടെത്തിയാൽ ഇവയ്ക്ക് നിരോധനം ഏർപ്പെടുത്തുന്നതാണ്. ആരോഗ്യ വകുപ്പ് താല്കാലിക നിരോധനം ഏർപ്പെടുത്തിയ പെന്റഫ്രഷ്, പൂജ, ആരോഗ്യ, പാലിക എന്നീ ബ്രാൻഡുകൾ ഫുഡ് സേഫ്റ്റി കമ്മിഷണറേറ്റിൽനിന്നും നൽകിയ വ്യക്തമായ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് വീണ്ടും വിൽപ്പന നടത്തുവാൻ അനുവദിച്ചിട്ടുള്ളത് എന്നും മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്തുവാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട് എന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അറിയിച്ചിട്ടുണ്ട്. മാർക്കറ്റിൽ ലഭ്യമായ എല്ലാ ബ്രാൻഡ് പാലുകളും ഫുഡ് ഇൻസ്പെക്ടർമാർ നിയമാനുസൃതം പരിശോധനയ്ക്കായി അയയ്ക്കുന്നുണ്ട് എന്നും റീമ, പൂജ, സൂപ്പർ എന്നീ പേരുകളിലുള്ള പാലിന്റെ ഗുണനിലവാരം

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കാനുള്ള നിർദ്ദേശം നൽകുമെന്നും, മായം ചേർന്നതോ, ഗുണനിലവാരം കുറഞ്ഞതോ ആയി കണ്ടെത്തിയാൽ നിയമപരമായ നടപടികൾ സ്വീകരിക്കുമെന്നും ഫുഡ് സേഫ്റ്റി കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

മിൽമയുടെ പ്രവർത്തനം

99 (4450) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിൽമ എന്നു മുതലാണ് പ്രവർത്തനം തുടങ്ങിയതെന്നും ഉദ്ദേശ്യം എന്താണെന്നും അറിയിക്കുമോ ;

(ബി) സർക്കാർ മിൽമയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ ;

(സി) കേരളത്തിൽ എത്ര ലക്ഷം ക്ഷീരകർഷകർ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) സംസ്ഥാനത്തെ ക്ഷീരകർഷകർ എത്ര ലക്ഷം ടൺ പാലാണ് ഉൽപ്പാദിപ്പിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഇ) മിൽമ എത്ര പാൽ ശേഖരിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(എഫ്) മിൽമ എത്ര തരം പാലുകൾ മാർക്കറ്റിൽ വിൽക്കുന്നു ; ഇവയുടെ വില എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ജി) മിൽമ കർഷകർക്ക് നൽകുന്ന വില എത്ര രൂപയെന്നറിയിക്കുമോ ;

(എച്ച്) മിൽമയുടെ നഷ്ടം എത്രയെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കുമോ ;

(ഐ) മിൽമയുടെ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ 1980-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. പാലിന്റെ സംഭരണ-സംസ്ക്കരണ-വിപണന പ്രവർത്തനങ്ങൾ നടത്തുവാനും ഡയറി പ്രവർത്തനങ്ങൾ പ്രൊമോട്ട് ചെയ്യുവാനും അതുവഴി ക്ഷീരകർഷകരുടെ ഉന്നമനവുമാണ് പ്രധാന ലക്ഷ്യം. ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിച്ച് വിപണിയിൽ വിറ്റഴിക്കുന്നതുമൂലം സ്ഥിരമായ വിലയും വിപണിയും ഉറപ്പാക്കുക, ഇതിലേയ്ക്കായി ആധുനിക ഡയറി പ്ലാന്റുകൾ, ചില്ലിംഗ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിനോടൊപ്പം തന്നെ ക്ഷീരകർഷകർക്ക് ആവശ്യമായ ഉല്പാദനോപാധികളും എത്തിക്കുക എന്നിവയും മറ്റ് പ്രധാന ഉദ്ദേശങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly